(ബി) കൂട്ടനാട് പാക്കേജിന്റെ കാലാവധി നീട്ടിക്കിട്ടാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കൂട്ടനാട് പാക്കേജിനായി ആകെ ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്നും അതിൽ ചെലവഴിച്ചത് എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ എത്ര ശതമാനം വരെ ഉദ്ദേശിച്ച പ്രവൃത്തി നടത്താൻ കഴിഞ്ഞു. വിശദമാക്കാമോ ?

ഉത്തരം

(എ) കൂട്ടനാട് പാക്കേജിലെ അംഗീകാരം ലഭിച്ച പദ്ധതികൾ വിവിധ വകുപ്പുകളുടെ ഉടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരികയാണ്. പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലായതിനാൽ നഷ്ടത്തിന്റെ വിശദാംശം ഇപ്പോൾ നൽകാൻ നിർവ്വാഹമില്ല.

(ബി) ബഹു. മുഖ്യമന്ത്രി 7-10-2014-നും 16-10-2014-നും കൂട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കേന്ദ്ര കൃഷി മന്ത്രി കൂട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നല്കുന്നതിനായി 13-11-2014-ലെ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൂൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന ഉടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ടി കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കൂട്ടനാട് പാക്കേജിനായി ആകെ അനുവദിച്ച കേന്ദ്ര വിഹിതം 418.76 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ചത് 300.79 കോടി രൂപയാണ്.

(ഡി) അനുബന്ധത്തിൽ കാണാവുന്നതാണ്.*

പാലക്കാട് ജില്ലയിൽ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ

199 (3485) ശ്രീ. എം. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ നെൽവയലിന്റെ വിസിതീർണ്ണം വർഷംതോറും കുറയുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന് ആനുപാതികമായി നെല്ലുത്പാദനത്തിൽ ജില്ലയിൽ കുറവു വന്നിട്ടുണ്ടോ ;

(സി) ജില്ലയിലെ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും, നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വിസ്തീർണ്ണം നിലനിർത്തുന്നതിനും എന്തെല്ലാം നടപടികളാണ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കുട്ടനാടൻ പാക്കേജിന്റെ മാതൃകയിൽ പാലക്കാട് ജില്ലയ്ക്കനുസൃതമായ ഒരു പാക്കേജ് പരിഗണനയിലുണ്ടോ ;

(ഇ) ആലത്തൂർ മേഖലയിലെ കൃഷിക്കാർക്ക് കൂടുതൽ കൃഷിവിജ്ഞാനം ലഭിക്കുന്നതിനും, ആധുനിക കൃഷിരീതികളെക്കുറിച്ചു മനസ്സിലാക്കുന്നതിനും വേണ്ടി പട്ടാമ്പി നെല്ലുത്പാദന ഗവേഷണ കേന്ദ്രത്തിന്റെ അനുബന്ധസ്ഥാപനം ആലത്തൂർ മേഖലയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെല്ലുൽപ്പാദനത്തിൽ ജില്ലയിൽ കുറവ് വന്നിട്ടില്ല.

(സി) ജില്ലയിലെ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വിസ്തീർണ്ണം നിലനിർത്തുന്നതിനും സുസ്ഥിര നെൽകൃഷി, പ്രത്യേക നെല്ലിനങ്ങൾക്കുള്ള പദ്ധതി, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, ഉഴവുകൂലി, സൗജന്യ വൈദ്യുതി, ഉല്പാദന ബോണസ് എന്നിവ മുഖേന ആനുകൂല്യം നൽകിവരുന്നുണ്ട്. ഇതിനുംപുറമേ ജനകീയാസൂത്രണ പദ്ധതി പ്രകാരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നു.

(ഡി) ഇല്ല.

(ഇ) തൽക്കാലം പരിഗണനയിലില്ല.

ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരിയിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ

200 (3486) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly